**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4006** **17-03-2025 - ൽ മറുപടിയ്ക്ക്**

**നാഷണൽ ആയുഷ് മിഷനിലെ തെറാപ്പിസ്റ്റുകളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ആയുഷ് മിഷനിൽ ആയുർവേദ/ പഞ്ചകർമ ആശുപത്രികളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തെറാപ്പിസ്റ്റുകൾക്കും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിയോഗിച്ചിട്ടുള്ള തെറാപ്പിസ്റ്റുകൾക്കും നൽകിവരുന്ന പ്രതിമാസ വേതനത്തിലുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരേ ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് വ്യത്യസ്ത നിരക്കിൽ വേതനം അനുവദിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>നാഷണൽ ആയുഷ് മിഷൻ പ്രവർത്തിക്കുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും സ്റ്റേറ്റ് ആയുഷ് ഹെൽത്ത് സൊസൈറ്റിക്ക് ലഭിക്കുന്ന ഫണ്ട് (60% Central Share & 40% State Share) അടിസ്ഥാനമാക്കിയാണ്. കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ അംഗീകാരത്തോടെയുള്ള സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ (SAAP) പ്രകാരമാണ് കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ ആയുഷ് മിഷന്റെ ജീവനക്കാർക്കുള്ള ശമ്പളം നൽകി വരുന്നത്. വാർഷിക കരാറടിസ്ഥാനത്തിലാണ് ജീവനക്കാരെ ആയുഷ് സൊസൈറ്റിക്കു കീഴിൽ നാഷണൽ ആയുഷ് മിഷൻ നിയമിച്ചു വരുന്നത്.സംസ്ഥാന സർക്കാരിനു കീഴിൽ വകുപ്പ് നടപ്പിലാക്കുന്ന സ്പെഷ്യൽ പ്രോജക്ടുകളിലെ താൽക്കാലിക ദിവസവേതന ജീവനക്കാരുടെ നിലവിലെ വേതനം 11/02/2021 – ലെ സ.ഉ(പി) നമ്പർ 29/2021/ധന നമ്പർ ഉത്തരവ് പ്രകാരമാണ് നൽകുന്നത്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയിലേയും സംസ്ഥാന സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളിലെ താൽക്കാലിക ദിവസവേതന ജീവനക്കാരുടെ നിയമനങ്ങളും രണ്ടു തരത്തിലുള്ള നിയമന രീതിയായതിനാലും, നാഷണൽ ആയുഷ് മിഷന് ലഭിക്കുന്നത് പരിമിതമായ ഫണ്ട് ആയതിനാലും ആണ് വ്യത്യസ്ത നിരക്കിലുള്ള വേതനം അനുവദിക്കേണ്ടി വരുന്നത്. |
| (ബി) | പ്രസ്തുത അനോമലി പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊള്ളാമോ; വ്യക്തമാക്കുമോ; | (ബി) | നാഷണൽ ആയുഷ് മിഷന് കീഴിലെ ജീവനക്കാർ സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ അനോമലിയായി കാണാൻ സാധിക്കുകയില്ല. നാഷണൽ ആയുഷ് മിഷന് കീഴിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിന് കൂടുതൽ തുക വേണ്ടിവരുന്നതിനാൽ കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ അനുമതിയും ആവശ്യമാണ്. |
| (സി) | നാഷണൽ ആയുഷ് മിഷനിൽ തെറാപ്പിസ്റ്റ് ആയി ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് അവരുടെ സർവീസ് കാലയളവ് പരിഗണിക്കാതെ എല്ലാവർക്കും ഒരേ രീതിയിൽ വേതന വർദ്ധനവ് അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വേതന വർദ്ധനവ് അനുവദിക്കുന്നതിന് ജീവനക്കാരുടെ സർവീസ് കാലദൈർഘ്യം കൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | നാഷണൽ ആയുഷ് മിഷനിൽ ജീവനക്കാരെ വാർഷിക കരാടിസ്ഥാനത്തിലാണ് നിയമിക്കുന്നതെന്നതിനാൽ, പുനർ നിയമിക്കപ്പെടുന്ന നാഷണൽ ആയുഷ് മിഷൻ ജീവനക്കാർക്ക് ഓരോ വർഷവും 5 ശതമാനം വേതന വർദ്ധനവ് അനുവദിച്ചു വരുന്നുണ്ട്. വേതന പരിഷ്കരണം നടപ്പിലാക്കുമ്പോൾ സർവ്വീസ് കാലയളവ് പരിഗണിക്കുന്നതാണ്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സ്പെഷ്യൽ പ്രോജക്ടുകളിലെ താൽക്കാലിക ജീവനക്കാരുടെ വേതനം കാലാകാലങ്ങളിലെ സർക്കാരിന്റെ ഉത്തരവ് പ്രകാരമാണ് നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ